**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1163** **10-08-2023 - ൽ മറുപടിയ്ക്ക്**

**പെരിന്തൽമണ്ണ മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പെരിന്തൽമണ്ണ മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതിയുടെ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | പെരിന്തൽമണ്ണ മണ്ഡലത്തിലെ താഴെക്കാട്, ആലിപ്പറമ്പ്, മേലാറ്റൂർ, കീഴാറ്റൂർ, വെട്ടത്തൂർ, ഏലംകുളം, പുലാമന്തോൾ എന്നീ പഞ്ചായത്തുകളിലാണ് പദ്ധതി പുരോഗമിക്കുന്നത്. ആകെ 32923 കണക്ഷൻ ആണ് നൽകാനുള്ളത്. ആയതിൽ നിലവിൽ 9944 എണ്ണം കണക്ഷനുകൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് വേണ്ടിവരുന്ന കാലയളവ് എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) | 2024 മാർച്ച് മാസത്തിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |
| (സി) | പ്രസ്തുത പദ്ധതിയിൽ മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് ആദ്യഘട്ടത്തിൽ കണക്ഷൻ നൽകാൻ സാധിക്കുമെന്ന് വിശദമാക്കുമോ; | (സി) | ആകെ 32923 കുടുംബങ്ങൾക്ക് കുടിവെള്ളം നൽകാനാണ് ലക്ഷ്യമിടുന്നത്. നാളിതുവരെയായി 9944 കുടുംബങ്ങൾക്ക് കണക്ഷൻ നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള റസ്റ്ററേഷൻ പ്രവർത്തികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ? | (ഡി) | ഏലംകുളം, പുലാമന്തോൾ, കീഴാറ്റൂർ, വെട്ടത്തൂർ പഞ്ചായത്തുകളിലെ റോഡ് റെസ്റ്റോറേഷൻ പ്രവൃത്തി നടന്നു വരുന്നുണ്ട്. താഴെക്കോട്, ആലിപറമ്പ് എന്നീ പഞ്ചായത്തുകളിലെ റോഡ് റെസ്റ്റോറേഷൻ പ്രവൃത്തിയുടെ ഭരണാനുമതിക്കായി എസ്റ്റിമേറ്റ് സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിങ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ